(2 Pages)

Name.........................
Reg. No............................

**FIRST SEMESTER M.A DEGREE EXAMINATION, DECEMBER 2022**

**(Regular/Improvement/Supplementary)**

**MALAYALAM**

**FMAL1C01 – പ്രാചീന മധ്യകാല കവിത**

**Time: 3 Hours** **Maximum Weightage: 30**

**ഭാഗം I: 1 മുതൽ 7 വരെയുള്ള ചോദ്യങ്ങളിൽ 4 എണ്ണത്തിന് ഉത്തരം എഴുതുക. ഓരോന്നിനും 2 വെയ്റ്റേജ് വീതം.**

1. പ്രാചീന മണിപ്രവാളചമ്പുക്കളുടെ പൊതുസ്വഭാവങ്ങൾ എന്തെല്ലാം ?
2. പൂന്തോട്ടത്തു നമ്പൂതിരിയുടെ മുക്തകങ്ങളെ പരിചയപ്പെടുത്തുക.
3. "പോയ്മടിയാതുവാരിധിയൊട്ട ചെന്തിരുമങ്കയെന്നും
   പോർമുലമാതുനിന്മകളിന്നിലങ്കയിൽ നിന്നുപോരും
   നീമകിഴ്‌വെയ്തുകെന്നതു ചെന്നുചൊൽവതിനെന്നപോല-
   ന്നേരമരുക്കനാർകലിനീരിൽ വീണ്ണടനേമറഞ്ഞാൻ " - സന്ദർഭവും സാരസ്യവും വ്യക്തമാക്കുക.
4. കുറത്തിത്തോറ്റത്തിന്റെ ഇതിവൃത്തപരമായ സവിശേഷതയെന്ത് ?
5. പ്രാസവാദത്തിന്റെ സാഹിത്യചരിത്രപരമായ പ്രാധാന്യമെന്ത് ?
6. "ഇനിയിതമുള്ളിതി, ലങ്കൈയി
   ലെയീട്ടമരുത്തുയർപൂണ്ടിങ്ങനെ-
   യനവരതം മടവാരിടരുളർന്ത-
   ലൈപ്പതിനില്ലൊരൊട്ടുക്കമെങ്കും" – ഈ ദുരവസ്ഥയ്ക്ക് കാരണമെന്ത് ?
7. "കുങ്കുമത്തിന്റെ വാസമറിയാതെ
   കുങ്കുമം ചുമക്കും പോലെ ഗർദ്ദഭം" – വിവക്ഷിതമെന്ത് ?

(4×2=8 വെയ്റ്റേജ്)

**ഭാഗം II: 8 മുതൽ 14 വരെയുള്ള ചോദ്യങ്ങളിൽ 4 എണ്ണത്തിന് 4 പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. ഓരോന്നിനും3 വെയ്റ്റേജ് വീതം.**

8. "പിണക്കിയകറ്റുവൻ ഞാനവനെയും ധ്രുവമവളെയും
രാജ്യമകലെയും – അതിചപലമെന്നിയേ സമയം കരോമി " – ആരാണിങ്ങനെ
ശപഥം ചെയ്തത്? അതിന്റെ അനന്തരഫലം എന്തായിരുന്നു?
9. വിവധതരം വാമൊഴിക്കവിതകളെ മാതൃകകൾ എടുത്തുകാട്ടി പരിചയപ്പെടുത്തുക.
10. ദ്രാവിഡശീലിൽ രചിക്കപ്പെട്ട ഗാനകാവ്യമാണ് രാമകഥപ്പാട്ട്– നിരൂപിക്കുക.
11. "കള്ളമകന്ന കവിത്വവിശേഷം
തള്ളിത്തള്ളി വരുന്ന ദശായാം
ഉള്ളിൽക്കപടതയുള്ള ജനങ്ങടെ
ഭള്ളും വിരുതും നിഷ്ഫലമാക്കാം " - ഈ അഭിപ്രായം കാവ്യലക്ഷ്യത്തെ
സാധൂകരിക്കുന്നുണ്ടോ? പരിശോധിക്കുക.
12. ഉദ്യാനപ്രവേശനത്തിന് തയ്യാറെടുക്കുന്ന രാവണനെ കവി അവതരിപ്പിക്കുന്നത്
എപ്രകാരം ?
13. അർണ്ണോസ് പാതിരിയുടെ സാഹിത്യസംഭാവനകൾ ചുരുക്കിയെഴുതുക.
14. പച്ചമലയാളകാവ്യങ്ങളുടെ സ്വഭാവം വെളിപ്പെടുത്തുന്ന കൃതിയാണ് കോമപ്പൻ -
ഉപപാദിക്കുക.

(4×3=12 വെയ്റ്റേജ്)

**ഭാഗം III: 15 മുതൽ 18 വരെയുള്ള ചോദ്യങ്ങളിൽ 2 എണ്ണത്തിന് 6 പുറത്തിൽ കവിയാതെ ഉത്തരം എഴുതുക. ഓരോന്നിനും5 വെയ്റ്റേജ് വീതം.**

15. എഴുത്തച്ഛൻ മലയാളഭാഷയിലും സാഹിത്യത്തിലും നടപ്പിൽവരുത്തിയ
പരിഷ്ക്കാരങ്ങളെ മഹാഭാരതം കിളിപ്പാട്ട് , വിരാടപർവ്വത്തെ ആസ്പദമാക്കി
വിവരിക്കുക.
16. രാമചരിതം, കണ്ണശ്ശരാമായണം എന്നീ കൃതികളെ മുൻനിർത്തി
പാട്ടുപ്രസ്ഥാനത്തെയും അതിന്റെ പരിണാമത്തെയുംകുറിച്ച് പ്രതിപാദിക്കുക.
17. 'ഒരു ജീർണസംസ്കാരത്തിന്റെ സന്തതിയാണ് മണിപ്രവാള പ്രസ്ഥാനം ' –
വിമർശനരീത്യാ ചർച്ചചെയ്യുക.
18. നാടൻപാട്ടുകളുടെ സാമൂഹികവും ഭാഷാപരവുമായ പ്രാധാന്യം വിവരിക്കുക.

(2×5=10 വെയ്റ്റേജ്)